**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിലെ ആരോഗ്യവിഭാഗത്തിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - സൂപ്രണ്ടായിരുന്ന ശ്രീ. റ്റി.എസ്.റാഫേൽ ക്ളർക്കുമാരായിരുന്ന ശ്രീ.വി.എസ്.സുധീഷ്, ശ്രീ. കെ.ആർ മോഹനൻനായർ, ശ്രീ. ബി.ഹരികൃഷ്ണൻനായർ എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. **3937**/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.12.2017

പരാമർശം :

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.07.2013 തീയതിയിലെ ഇ 7(എസ്.സി 17/2013/സിആർഇ)13354/13 നം. കത്ത്
2. സർക്കാരിന്റെ 29.03.2014 തീയതിയിലെ 71768/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 22.12.2016 തീയതിയിലെ വി1-7556/14 നമ്പർ കത്ത്.
4. ശ്രീ. റ്റി.എസ്.റാഫേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1413/2017 കേസിൽ 31.07.2017 തീയതിയിലുണ്ടായ വിധിന്യായം.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ ആരോഗ്യവിഭാഗത്തിൽ 24.05.2013 ന് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ എൽ.ഡി.ക്ലർക്കുമാരായ ശ്രീ.വി.എസ്.സുധീഷ്, ശ്രീ. കെ.ആർ മോഹനൻനായർ, ശ്രീ.ബി ഹരികൃഷ്ണൻനായർ എന്നിവർ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ അന്യായമായ കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിരുന്ന തിന്റെയടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അവശ്യനടപടി സ്വീകരിക്കുവാൻ പരാമർശം 1ലെ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. മേൽ ശുപാർശയെത്തുടർന്ന്, ടി എൽ.ഡി.ക്ലർക്കുമാർക്കും മേൽനോട്ടത്തിനുത്തരവാദിയെന്ന നിലയിൽ ടി നഗരസഭയിലെ ഹെൽത്ത് വിഭാഗം സൂപ്രണ്ട് ശ്രീ. റ്റി.എസ്.റാഫേൽ-നും പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. ആയതിന് ബന്ധപ്പെട്ടവർ നൽകിയ പ്രതിവാദ പത്രികകളിൽ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടി പ്രകാരം, മിന്നൽപരിശോധന നടത്തിയവേളയിൽ ടിയാളുകളുടെ സെക്ഷനിൽനിന്നും ആവശ്യമായ ഫയലുകൾ പരിശോധനക്ക് നൽകിയിരുന്നതായും ആരോഗ്യവിഭാഗം സെക്ഷനിൽ ലൈസൻസ് ഫയലുകൾ നഗരസഭയിലെ വിവിധ സർക്കിളുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിനായി അയയ്ക്കുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അംഗീകാരത്തിനു ശേഷം ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകി ഫീസ് ഒടുക്കിയതിന് ശേഷം ലൈസൻസ് നൽകുന്നതിനായി അതാത് സർക്കിൾ ഓഫീസിലേക്ക് തിരികെ അയയ്ക്കുകയുമാണ് ചെയ്തു വരുന്നതെന്നും മേൽപ്പറഞ്ഞ പ്രകാരമുള്ള ഓഫീസ് നടപടിക്രമത്തിലെ കാലതാമസം മാത്രമാണ് ഫയലുകളിൽ ഉണ്ടാകുന്നതെന്നും മനപൂർവമായ കാലതാമസം ഫയലുകളിൽ ഉണ്ടായിട്ടില്ലന്നും ആയതിനാൽ അച്ചടക്കനടപടികളിൽനിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. പ്രസ്തുത ആരോപണത്തിൻമേലുള്ള കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ടിയാളുകളുടെ കുറ്റാരോപണമെമ്മോയിൻമേലുള്ള മറുപടിയിൽ മേൽഅന്വേഷണം നടത്തിയതിൽ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലൈസൻസ് നൽകുന്ന നടപടിക്രമത്തിലെ കാലതാമസമാണ് ഉണ്ടായിട്ടുള്ളതെന്നു കാണുന്നതായും ആയതിനാൽ എൽ.ഡി.ക്ലർക്കുമാരായ ശ്രീ.വി.എസ്.സുധീഷ്, ശ്രീ. കെ.ആർ മോഹനൻനായർ, ശ്രീ. ബി.ഹരികൃഷ്ണൻനായർ എന്നിവരെ തുടർനടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായി നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. കുറ്റാരോപണമെമ്മോയ്ക്ക് ഹെൽത്ത് വിഭാഗം സൂപ്രണ്ട് ശ്രീ. റ്റി.എസ്.റാഫേൽ- ന്റെ മറുപടിയിൽ, പരിശോധനയ്ക്ക് ആവശ്യമായ ഫയലുകൾ സെക്ഷനുകളിൽനിന്നും നൽകിയിരുന്നതായും ടിയാന്റെ ചുമതലയുള്ള സെക്ഷനുകൾക്ക്, ഫയൽ നടപടിക്രമങ്ങളിൽ യഥാസമയം തന്നെ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നതായും തന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമായ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലന്നും ആയതിനാൽ ശിക്ഷണനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു. ടി കാര്യം പരിശോധിച്ചതിൽ ശ്രീ. റ്റി.എസ്.റാഫേൽ ആരോഗ്യവിഭാഗം സൂപ്രണ്ട് ആയിരിക്കെ ജോലിയിൽ യാതൊരു അലംഭാവവും കാണിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ലന്നും ആയതിനാൽ ടിയാനെ തുടർനടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളതായി നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള മെമ്മോയും ആയതിൽ ഉദ്യോഗസ്ഥരുടെ മറുപടി, കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്ന്, കൊച്ചി നഗരസഭയിലെ ആരോഗ്യവിഭാഗം സൂപ്രണ്ട് ആയിരുന്ന ശ്രീ റാഫേൽ റിട്ടയർ ചെയ്തിട്ടുള്ള സാഹചര്യത്തിലും ടിയാനെതിരായി ഗുരുതരമായ ആരോപണങ്ങൾ തെളിയിക്കപെട്ടിട്ടില്ലാത്തതിനാലും, ടിയാനെതിരായ ശിക്ഷണ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് കാണുന്നു. എന്നാൽ എൽ.ഡി.ക്ലർക്കുമാരായ ശ്രീ.വി.എസ്.സുധീഷിന്റെ 10 ഫയലുകളിലും, ശ്രീ. കെ.ആർ

മോഹനൻനായരുടെ 9 ഫയലുകളിലും ശ്രീ. ബി.ഹരികൃഷ്ണൻനായരുടെ 15 ഫയലുകളിലും കാലതാമസം ഉണ്ടായതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത കാലതാമസം ഉണ്ടായതിൽ ഉദ്യോസ്ഥരുടെ ഭാഗത്ത് മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ട്. ഓഫീസ് നടപടിക്രമത്തിലെ കാലതാമസമാണ് ആയതിന് കാരണം എന്ന ഉദ്യോഗസ്ഥരുടെയും അന്വേഷണ റിപ്പോർട്ടിലെയും വിശദീകരണം പൂർണമായി അംഗീകരിക്കാനാകുന്നതല്ല.

6. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ ആരോഗ്യവിഭാഗത്തിൽ സൂപ്രണ്ട് ആയിരുന്ന ശ്രീ റ്റി.എസ്.റാഫേൽ- നെതിരായ അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും ക്ലാർക്കുമാരായ ശ്രീ.വി.എസ്.സുധീഷ്, ശ്രീ. കെ.ആർ മോഹനൻനായർ, ശ്രീ. ബി.ഹരികൃഷ്ണൻനായർ എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി 'സെൻഷർ' നൽകിക്കൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ റ്റി.എസ്.റാഫേൽ , സൂപ്രണ്ട്,കൊച്ചി നഗരസഭ
ശ്രീ.വി.എസ്.സുധീഷ്, എൽ.ഡി. ക്ലാർക്ക്, കൊച്ചി നഗരസഭ
ശ്രീ. കെ.ആർ മോഹനൻനായർ, എൽ.ഡി. ക്ലാർക്ക്,കൊച്ചി നഗരസഭ
ശ്രീ. ബി.ഹരികൃഷ്ണൻനായർ, എൽ.ഡി. ക്ലാർക്ക്,കൊച്ചി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ്(ഡി) വകുപ്പ്
ഡയറക്ടർ, വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ